**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 98** **31.10.2019 ൽ മറുപടിയ്ക്ക്**

**<u>ഹാരിസൺ പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമി</u>**

| **ചോദ്യം**<br>**ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | | **മറുപടി**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | ഹാരിസൺ പ്ലാന്റേഷൻ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) ഉണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും അവരുടെ മുൻഗാമികളും അവരിൽ നിന്നും ഭൂമി നേടിയവരും സമാനമായ മറ്റുള്ളവരും കൈവശം വച്ചിരിക്കുന്നതും നിയമം മൂലം കൈമാറ്റം ചെയ്തിട്ടില്ലാത്തതുമായ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി അത്തരം ഭൂമി സ്ഥിതി ചെയ്യുന്ന അധികാര പരിധിയിൽ വരുന്ന സിവിൽ കോടതിയിൽ സർക്കാരിനു വേണ്ടി കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 6-6-19 ലെ സ.ഉ.(കൈ)172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇക്കാര്യത്തിനായി ഉന്നതതല യോഗം ചേരുന്നതിന് തീരുമാനിച്ചിരുന്നോ; പ്രസ്തുത യോഗം ചേർന്നിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) തീരുമാനിച്ചിരുന്നു. രണ്ട് തവണ ഉന്നതതലയോഗം ചേരുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും അപ്രതീക്ഷിതമായ കാലവർഷക്കെടുതിയുടെയും 5 നിയമസഭാ മണ്ഡലങ്ങളിൽ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മോഡൽ കോഡ് ഓഫ് കണ്ടക്റ്റ് നിലവിൽ വന്നതിന്റെയും പശ്ചാത്തലത്തിൽ പ്രസ്തുത യോഗം മാറ്റി വയ്ക്കുകയാണുണ്ടായത്. |
| (സി) | ഈ വിഷയത്തിൽ സിവിൽ കോടതിയെ സമീപിക്കുവാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | (സി) ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനായി സിവിൽ കോടതികളിൽ കേസ് ഫയൽ ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | സിവിൽ കോടതിയിൽ ഈ കേസ് നടത്തുന്നതിന് റവന്യൂ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ഡി) ഹാരിസൺ മലയാളം ലിമിറ്റഡും അവരുടെ മുൻഗാമികളായ മലയാളം പ്ലാന്റേഷനും കൈവശം വച്ചിരിക്കുന്നതും വിൽപ്പന നടത്തിയിട്ടുള്ളതുമായ 76000 ത്തിലധികം ഏക്കർ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച തർക്കം സിവിൽ കോടതിയിൽ സർക്കാർ കേസ് നടത്തി സ്ഥാപിച്ചെടുക്കേണ്ട പശ്ചാത്തലത്തിൽ അത്തരം കേസുകളുടെ ഫലപ്രദമായ നടത്തിപ്പിനും മേൽ നോട്ടത്തിനുമായി റവന്യൂ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം എ1/116/18/റവ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ